## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 188 | 12.02.2020 ലെ മറുപടിക്ക്

**കയർ വ്യവസായരംഗത്തെ രണ്ടാം പുനഃസംഘടന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.എൻ.വിജയൻ പിള്ള | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം കയർ ഉൽപാദനത്തിൽ മൂന്നു മടങ്ങോളം വർദ്ധനവ് സൃഷ്ടിക്കാൻ സാധിക്കുന്ന തരത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർമേഖലയുടെ രണ്ടാം പുനസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവൽക്കരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള സമ്പൂർണ യന്ത്രവത്ക്കരണം, ഉല്പന്നമേഖലയിലെ ആധുനികവൽക്കരണം എന്നിവ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുളള നടപടികളിൽ പ്രധാനപ്പെട്ടവയാണ്.<br><br>സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ |

| | |
|---|---|
| | ഭാഗമായി 134 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. 31.03.2020-ൽ 620 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രാധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി)-ന്റെ സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനു കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) മുൻ സർക്കാരിന്റെ കാലത്ത് തകർന്നടിഞ്ഞിരുന്നതായി ആക്ഷേപമുള്ള കയർ വ്യവസായരംഗത്ത് ആധുനികീകരണത്തിലൂടെ പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരെ സംരക്ഷിച്ചുകൊണ്ട് നടത്തിയ രണ്ടാം പുന:സംഘടനയുടെ വിശദാംശം ലഭ്യമാക്കാമോ; | ബി) കയർ മേഖല സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന കയർ രണ്ടാം പുന:സംഘടന വിജയകരമായി നടപ്പിലാക്കി വരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110/-രൂപ) പ്രതിദിന വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ |

..3..

| | |
|---|---|
| | ഇതിനകം കയർ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01.01.2019 മുതൽ ഉയർത്തിയിട്ടുണ്ട്. കയർതൊഴിലാളികളുടെ ജീവനോപാധി എന്നനിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ടതരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.<br><br>3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.<br><br>4. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡിയും (സ്പെഷ്യൽ ഇൻവെസ്റ്റ്മെൻറ് സബ്സിഡി) ഡീ-ഫൈബറിംഗ് മില്ലുകൾക്ക് 25 ലക്ഷം രൂപവരെയും നൽകി വരുന്നു.<br><br>5. കയർ വ്യവസായത്തിൽ സമ്പൂർണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br><br>6. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br><br>7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>8. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു. |

| | |
|---|---|
| | 10. കയർ ഭൂവസ്ത്ര വിപണന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>11. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>13. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br><br>14. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ ഗുണപരമായ മാറ്റം ഉണ്ടാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br><br>15. ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.<br><br>16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു.<br><br>കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുക വഴി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടും. കയർ രണ്ടാം പുനഃസംഘടന നടപ്പാക്കുന്നത് പരമ്പരാഗത തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടാണ്. |
| സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണി | സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കയർ രണ്ടാം പുനസംഘടനയുടെ പ്രധാന ഘടകം ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക |

..5..

| | |
|---|---|
| വിപുലീകരിക്കുന്നതിനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ? | എന്നതുതന്നെയാണ്. ഇതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. പച്ചതൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന 100 ഡീ-ഫൈബറിംഗ് മില്ലുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| വർഷം | ചകിരി ഉൽപ്പാദനം |
|---|---|
| 2015-16 | 1316.82 ക്വിന്റൽ |
| 2018-19 | 6674.92 ക്വിന്റൽ |
| 2019-20 ഡിസംബർ വരെ | 4350.52 |

കയർ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ടുകൊണ്ടുള്ള യന്ത്രവത്ക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡുകൾ, കയർ അകുസ്റ്റിക്സ് പാനലുകൾ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്.

കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ചെറുകിട ഉൽപ്പാദക സംഘങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് സഹായകരമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കയർ കേരള 2017 മേളയിൽ നടപ്പിലാക്കിയ കയർഭൂവസ്ത്ര പദ്ധതി വഴി 120 കോടി രൂപയുടെ ഓർഡറുകളാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നേടാൻ കഴിഞ്ഞത്. ഇതിൽ 42 കോടി രൂപയുടെ കയർ ഭൂവസ്ത്രം നിർമ്മിച്ചു നൽകുന്നതിന് കയർപൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019 മേളയിൽ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് 100 കോടി രൂപയുടെ കയർഭൂവസ്ത്ര വിപണനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2017 ൽ ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കയർ

കാർണിവൽ എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം 10 കോടി രൂപ മൂല്യമുള്ള കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചകിരിച്ചോറിൽ നിന്നും തൊണ്ടിൽ നിന്നും ബയന്റർലെസ് ബോർഡ് പോലെ മരംകൊണ്ടുള്ള ഉൽപ്പന്നങ്ങൾക്ക് ബദലായി ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ നിർമ്മിക്കുന്നതിന് പൈലറ്റ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണിയെ സഹായിക്കുന്നതിന് കയർഫെഡിനും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നൽകിയിട്ടുള്ള ധനസഹായം ചുവടെ ചേർക്കുന്നു.

| വർഷം | കയർഫെഡ് (തുക കോടിയിൽ) | കയർ കോർപ്പറേഷൻ (തുക കോടിയിൽ) |
|---|---|---|
| 2015-16 | 11.5 | 13.5 |
| 2016-17 | 21.38 | 55.62 |
| 2017-18 | 25.41 | 23.29 |
| 2018-19 | 29.42 | 30.0 |
| 2019-20 ഡിസംബർ 31 വരെ) | 29.09 | 10.0 |

സെക്ഷൻ ഓഫീസർ